പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1907 **26-10-2026-ൽ മറുപടിയ്ക്ക്**

ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക നൽകുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സ്വാതന്ത്ര്യ സമരസ്മൃതി പാർക്ക് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് നഗരസഭയുടെ പേരിൽ ഭൂമി വാങ്ങി ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടും ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക ഇതുവരെ കൈമാറിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുക കൈമാറുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രോജക്ടിന് ഭൂമി വാങ്ങുന്നതിനായി 3 കോടി രൂപ നഗരസഭയുടെ തനതുഫണ്ടിൽനിന്നും വസ്തു ഉടമയ്ക്ക് കൈമാറിയിട്ടുണ്ട്. സർക്കാർ വിഹിതമായ 5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച ശിപാർശ അടങ്ങിയ ഫയൽ(ആർ.ഇ.1/384/2023-എൽ.എസ്.ജി.ഡി)ധനകാര്യ വകുപ്പിൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

മറുപടി: തദ്ദേശ സ്വയംഭരണവകുപ്പിന്റെ ഫയൽ (ആർ.ഇ.1/384/2023-എൽ.എസ്.ജി.ഡി) ധനകാര്യവകുപ്പിൽ പരിശോധനയിലാണ്.

(സി) ഭരണാനുമതി ലഭിച്ചിട്ടും തുക കൈമാറുന്നതിൽ ഇത്രയും കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണ്; പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പിന്റെ അധിക അനുമതിയോ മറ്റ് നടപടിക്രമങ്ങളോ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത പ്രവൃത്തിയുടെ ചെലവ് '4217-60-051-94 – Works Included in Appendix II to the Detailed Budget Estimate (NP)' എന്ന ശീർഷകത്തിൽ വഹിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ, പ്രസ്തുത ശീർഷകത്തിൽ ടോക്കൺ തുക മാത്രമാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, തുക അനുവദിക്കുന്നതിന് അധികധനാനുമതി ആവശ്യമാണ്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

(ഡി) ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; ആയതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ